**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 158
**07.12.2015 ലെ മറുപടിക്ക്**

## ബാലസാന്ത്വനം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ.**<br>**ശ്രീ. ഹൈബി ഈഡൻ എം.എൽ.എ.**<br>**ശ്രീ. എ.റ്റി.ജോർജ് എം.എൽ.എ.**<br>**ശ്രീ. വി.പി.സജീന്ദ്രൻ എം.എൽ.എ.** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(ബഹു: മുഖ്യമന്ത്രി)** |
| എ ട്രഷറി വകുപ്പിന് കീഴിൽ ക്യാൻസർ രോഗികളായ കുട്ടികൾക്ക് ബാലസാന്ത്വനം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | സർക്കാർ G.O.(P) No. 575/14/Fin dated 23.12.2014 ഉത്തരവ് പ്രകാരം, അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സർക്കാർ/ പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ സന്നദ്ധരായ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഒരു നിശ്ചിത തുക സ്വീകരിക്കുന്നതിന് ബാലസാന്ത്വനം 2014 എന്ന പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. |
| ബി ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | ജീവനക്കാരുടെ ശമ്പളത്തിൽനിന്നും കുറവ് ചെയ്യുന്ന തുക 8658-00-102-Suspense Accounts (Civil)-96-32 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് സ്വരൂപിക്കുന്നത്. ഇപ്രകാരം സ്വരൂപിക്കുന്ന തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള Special TSB A/c. 104 – ൽ ക്രെഡിറ്റ് ചെയ്തു വരുന്നു. |

| | | |
|---|---|---|
| സി | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | പദ്ധതി നടപ്പിലാക്കാനായി എല്ലാ വകുപ്പ് മേധാവികൾക്കും ഉത്തരവിന്റെ കോപ്പികൾ അയച്ചുകൊടുക്കുകയും, സർക്കാർ വെബ് സൈറ്റുകളായ www.kerala.gov.in, www.finance.kerala.gov.in ൽ ഉത്തരവ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സന്നദ്ധരായ ജീവനക്കാരുടെ സമ്മതപത്രം വകുപ്പ തലവൻമാർ സ്വീകരിച്ച് ആയതിൻ പ്രകാരം അവരുടെ ശമ്പളത്തിൽനിന്നുള്ള വിഹിതം ട്രഷറി മുഖേന പ്രസ്തുത പദ്ധതിയിലേയ്ക്ക് സമാഹരിച്ചുകൊണ്ടിരിക്കുന്നു. അക്കൗണ്ടിൽ സ്വരൂപിക്കുന്ന തുക ക്യാൻസർ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി തിരുവനന്തപുരം ആർ.സി.സി മേധാവിയുടെ ശിപാർശ/അഭ്യർത്ഥന പ്രകാരം നേരിട്ട് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതാണ്. സമാഹരിച്ച തുക ടി പദ്ധതി പ്രകാരം വിനിയോഗിക്കാനായി അർഹതപ്പെട്ടവരുടെ പട്ടിക എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ ആർ.സി.സി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ